# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 322 27-09-2016-ൽ മറുപടിയ്ക്ക്

## നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br><br>ശ്രീ. പി. ഉണ്ണി | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നികുതി പിരിവ് ഊർജിതമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-<br><br>**I. വാണിജ്യ നികുതി വകുപ്പ്**<br><br>**1.** കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടു ത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>**2.** ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനു -ദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>**3.** . കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും<br>**4.** ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റും |

| | | | |
|---|---|---|---|
| | | | **5.** അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>**6.** റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും<br>**7.** റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>**8.** നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>**II. <u>രജിസ്ട്രേഷൻ വകുപ്പ്</u>**<br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു വിലയാധാരങ്ങളുടെയും, കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു.<br>**III. <u>ലാന്റ് റവന്യൂ വകുപ്പ്</u>**<br>ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.<br>**IV. <u>എക്സൈസ് വകുപ്പ്</u>**<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>**V. <u>മോട്ടോർ വാഹന വകുപ്പ്</u>**<br>മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നതിനാൽ റിക്കവറി നടപടികൾ ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |

<table>
<tr>
<td>(ബി)</td>
<td>നികുതി പിരിവിൽ എത്ര ശതമാനം വർദ്ധനവ് കൈവരിക്കുവാനും അതിലൂടെ എത്ര അധിക വിഭവ സമാഹരണം നടത്തുവാനും കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;</td>
<td rowspan="2">(ബി)<br>&<br>(സി)</td>
<td rowspan="2">2015-16 സാമ്പത്തിക വർഷത്തെ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം 19.39% വളർച്ചയാണ് തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്നത്. ടി വർദ്ധനവിലൂടെ 2015-16 നേക്കാൾ ഏകദേശം 7732 കോടി രൂപ 2016-17 സാമ്പത്തിക വർഷം അധികം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2011-12 വർഷം മുതൽ 2016-17 (ജൂലൈ വരെ) വർഷം വരെയുള്ള നികുതി പിരിവും കുടിശ്ശികയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തനത് നികുതി വരുമാനം (Accounts) (തുക കോടി രൂപയിൽ)</th><th>എസ്റ്റിമേറ്റുമായുള്ള ശതമാന കണക്ക്</th><th>നികുതി കുടിശ്ശിക (തുക കോടി രൂപയിൽ)</th></tr>
<tr><td>2011-12</td><td>25718.6</td><td>97%</td><td>12668.66</td></tr>
<tr><td>2012-13</td><td>30076.61</td><td>94%</td><td>13079.56</td></tr>
<tr><td>2013-14</td><td>31995.02</td><td>83%</td><td>13360.31</td></tr>
<tr><td>2014-15</td><td>35232.5</td><td>83%</td><td>7885.30</td></tr>
<tr><td>2015-16</td><td>39002.24 (പ്രാരംഭ കണക്ക്)</td><td>86%</td><td rowspan="2">വിവരം ലഭ്യമല്ല.</td></tr>
<tr><td>2016-17</td><td>12672.79 (2016 ജൂലൈ മാസം വരെയുള്ള പ്രാരംഭ കണക്ക്)</td><td>27%</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>2011-12 വർഷം മുതൽ 2016-17 വർഷം നാളിതുവരെയുള്ള നികുതി പിരിവിന്റെ ശതമാനക്കണക്ക് വ്യക്തമാക്കുമോ; ഓരോ വർഷവും വിവിധ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയും, ഓരോ വർഷത്തെയും കുടിശ്ശികയും വിശദമാക്കുമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ.